**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **07-10-2021 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി താലൂക്കിൽ എത്ര കുടുംബങ്ങളാണ് പുറമ്പോക്കിൽ താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവയിൽ കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, ആറ്റു പുറമ്പോക്ക്, സർക്കാർ പുറമ്പോക്ക് എന്ന് തരം തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) | ചങ്ങനാശ്ശേരി താലൂക്കിൽ എത്ര കുടുംബങ്ങൾ പുറമ്പോക്കിൽ താമസിക്കുന്നെന്നും വിവിധതരം പുറമ്പോക്ക് നിവാസികൾ എത്രയാണെന്നും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. 1960-ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് ഭൂമി പതിച്ചുനൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാലാകാലങ്ങളിൽ കൂടുതൽ പേർക്ക് പട്ടയം നൽകുന്നതിന് പട്ടയമേളകളും സംഘടിപ്പിക്കുന്നുണ്ട്. പുതിയ സർക്കാർ നിലവിൽ വന്നതിനു ശേഷം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ചങ്ങനാശ്ശേരി താലൂക്കിൽ 15 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ